# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/370/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/370/2022 തീയ്യതി: 24/03/2023

## തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 20-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ (ഓഡിറ്റ് ഓഫീസർ)
ശ്രീമതിആശ ജി.ആർ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി ബിന്ദുലത.ബി.പി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി പ്രീതാ ജാസ്മിൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ദിനു.റ്റി.എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരിൻ ബോസ് | സെക്രട്ടറി | 01-04-2021 | 05-10-2021 |
| ശ്രീ.രമേശ്.ജി | സെക്രട്ടറി | 06-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ്യ | കൃഷി ഓഫീസർ | 01-04-2021 | 24-10-2021 |
| ശ്രീമതി. പ്രീത | കൃഷി ഓഫീസർ | 25-10-2021 | 31-03-2022 |
| ശ്രീ. ജയകുമാർ | വി.ഇ.ഒ. (വെസ്റ്റ് സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി അനശ്രീ | വി.ഇ.ഒ. (ഈസ്റ്റ് സർക്കിൾ) | 09-09-2021 | 31-03-2022 |
| ശ്രീമതി. ജിനി ചന്ദ്രൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ഗ്ലാഡി ഹാൽവിൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. വീണ വി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലതകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2021 | 30-11-2021 |
| ശ്രീമതി. ലത എസ്. | ഹെഡ്മിസ്ട്രസ് | 01-12-2021 | 31-03-2022 |
| ശ്രീ. സുജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 06-02-2022 |
| ശ്രീ. സിംഗ് റസ്സൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-02-2022 | 31-03-2022 |
| ഡോ.ആശ രാജൻ.എസ് | പ്രൈമറി ഹെൽത്ത് സെന്റർ | 01-04-2021 | 31-03-2022 |
| ഡോ. സജിത്ത് കുമാർ | വെറ്ററിനറി സർജൻ | 02-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വസ്തുനികുതി - അപാകങ്ങൾ | 1-10 |
| 11 | തൊഴിൽ നികുതി -പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-11 |
| 12 | റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-12 |
| 13 | ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-13 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-13-1 |
| 15 | ലേലം - വരുമാന ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-14 |
| 16 | എസ്എസ്എ വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, 262462/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കിയിട്ടിലൽ | 1-16 |
| 18 | ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല | 1-17 |
| 19 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-18 |
| 20 | ഭവന നവീകരണത്തിനായി മുൻകൂർ തുക ലഭിച്ച ഗുണഭോക്താവ് ഭവനനവീകരണം നടത്തിയില്ല – 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | ആർജ്ജിതാവധി പണമായി നൽകി - തുക തിരികെ ഈടാക്കേണ്ടതാണ്. | 1-20 |
| 22 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - വിനിയോഗരേഖകൾ ഹാജരാക്കിയില്ല.10000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 23 | മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നില്ല. | 1-22 |
| 24 | എം.ആർ.എഫ്. കേന്ദ്രം പ്രവർത്തിക്കുന്നില്ല | 1-23 |

| | | |
|---|---|---|
| 25 | ബഡ്സ് സ്കൂൾ ജീവനക്കാരെ നിയമിക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുമുള്ള മാനദണ്ഡം വ്യക്തമല്ല | 1-24 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് പൂർണമായും ലഭ്യമായില്ല. | 1-25 |
| 27 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-263233/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 28 | തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല | 1-27 |
| 29 | ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ -അപാകങ്ങൾ സംബന്ധിച്ച് | 1-28 |
| 30 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-കൃത്യമായ മോണിറ്ററിംഗ് ആവശ്യം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരിപ്പ് 5462245/-, വരവ് 258971500/-, ചെലവ് 257454500/-, ബജറ്റ് നീക്കിയിരിപ്പ് 6979245/-.

ബജറ്റ് തയ്യാറാക്കുന്നതിന് ചട്ട പ്രകാരമുള്ള നടപടികൾ പാലിക്കുന്നില്ല.

1) ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രൊപ്പോസൽ സ്വീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ച് ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ വികസനകാര്യ, ആരോഗ്യം വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് പ്രൊപ്പോസലുകൾ തയ്യാറാക്കി ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു സമർപ്പിച്ചിട്ടില്ല.

ബജറ്റ് നിയന്ത്രണം ഫലപ്രദമല്ല.

സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. പ്രതീക്ഷിത വരവ് ചെലവുകളിൽ വ്യത്യാസം ആവശ്യമായപ്പോൾ ഇതിലേക്കായി ബജറ്റ് പുതുക്കുകയോ, അനുപൂരക ബജറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| 2105001 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 195816 | വകയിരുത്തിയിട്ടില്ല |
| 2301002 ഡീസൽ, പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ് | 95984 | 75000 |
| 2301101 വാട്ടർ ചാർജ്ജ് | 463092 | 250000 |
| 2501039 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 176943 | വകയിരുത്തിയിട്ടില്ല |
| 2505003 സൗരോർജ്ജ പദ്ധതികൾ | 260000 | വകയിരുത്തിയിട്ടില്ല |
| 2510115 സാക്ഷരത തുല്യതാ പരീക്ഷ | 86375 | 60000 |
| 2511014 പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധനസഹായം | 330000 | വകയിരുത്തിയിട്ടില്ല |
| 2512002 പൊതു ആരോഗ്യ പരിപാടികൾ | 353106 | വകയിരുത്തിയിട്ടില്ല |
| 2512004 മരുന്നുകൾ | 2313242 | 2200000 |

ബി) വിവിധ ഹെഡുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലും അന്തരം നിലനിൽക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1302001 സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക | 910 | വകയിരുത്തിയിട്ടില്ല |
| 1501101 ഫാറവില | 161790 | 30000 |

സി) കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച് ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല. ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/27.02.2023) മറുപടി ലഭ്യമാക്കിയില്ല. ബജറ്റ് തയ്യാറാക്കുന്നതിനും നിയന്ത്രണം പാലിക്കുന്നതിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 8.12.22 |

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൌണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൌണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ

സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൌണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. സംയുക്ത പ്രോജക്റ്റുകളുടെ മുന്നിരിപ്പ്, വരവ് , ചെലവ് , നീക്കിയിരിപ്പുകൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | തൻവർഷ വരവ് | തൻവർഷ ചെലവ് (സുലേഖ) | വർഷാവസാന നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 346659 | 425723 | 860348 | 346659 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2334963 | 598875 | 598875 | 2334963 |

5. ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക ധനകാര്യപത്രിക പ്രകാരം 210000/- ആണ്. എന്നാൽ സുലേഖ പത്രിക പ്രകാരം ആയത് 209300/- (പ്രോജക്റ്റ് നം So 209/22)

6. SBI തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2022ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം 5 ചെക്കുകൾ പ്രകാരമുള്ളതുക Cheques Deposited But Not Collected എന്നയിനത്തിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം | തീയതി | തുക |
|---|---|---|
| 238588 | 3.09.2021 | 2158 |
| 238588 | 3.09.2021 | 20554 |
| 10231296 | 30.06.2021 | 5000 |
| 578775 | 06.04.2020 | 4263 |
| 2323841 | 20.03.2020 | 37500 |

7. SBI തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2022ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 98230/- രൂപയുടെ ചെക്കുകൾ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഹഡ്കോ വായ്പയുടെ വിശദാംശങ്ങൾ സംബന്ധിച്ച് B16 (21338747), B5(21738747) എന്നിവയിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

9. വസ്തു നികുതിയിൽ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building - Current | 1624647 | 1624647 | 1984364 | 1211414 | 337627 | 393256 |
| Property Tax On Non | 1566666 | 1566666 | 1148012 | 1261350 | 439587 | 279314 |

| | | | | | | |
|---|---|---|---|---|---|---|
| Residential Building - Current | | | | | | |
| Property Tax On Residential Building - Arrear | 666393.70 | 622877 | 245675 | 242757 | 396062.70 | 382843 |
| Property Tax On Non Residential Building - Arrear | 681267 | 457754 | 69009 | 82228 | 408183 | 380937 |

10. 2020-21, 21-22 വർഷത്തെ ബാലൻസ് ഷീറ്റുകൾ പ്രകാരം 16362/-രൂപ Receivable For Service Cess On Residential Buildings (Arrears) എന്നയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

11)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20184 | 1118594 | 1138778 | 1136934.50 | 1843.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | ഠ | 50584000 | 50584000 | 50584000 | 0 |
| ആകെ | 20184 | 51702594 | 51722778 | 51720934.50 | 1843.50 |

(എ) AFS പ്രകാരം ചെലവ് 1117680/- വ്യത്യാസമുള്ള തുക 19255.50/- രൂപ NREGS അക്കൌണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുകയാണ്. എന്നാൽ പ്രസ്തുത തുകയുടെ വരവ്, ചെലവുകൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

(ബി) I(6)(51808138/-),I14(a)(5,17,88,882/-)എന്നിവ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 19255/-.ധനകാര്യപത്രിക പ്രകാരം (I (6) ലെഡ്ജർ പ്രകാരം) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക രേഖപ്പെടുത്തിയിരിക്കുന്നത് 50,671,202/- എന്നാണ്.

12) വരവിനെക്കാൾ ചെലവ് കൂടി നിൽക്കുന്ന (Income & Expenditure Statement പ്രകാരം) അക്കൗണ്ട്സ് ആണ് തയ്യാറാക്കിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/24.02.2023,24/27.02.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

(എ) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8732528 | 8732528 | 11381997 | -2649469 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5250172 | 5250172 | 4433828 | 816344 |
| സി.എഫ്.സി. | 0 | 5977285 | 5977285 | 1800329 | 4176956 |

| | | | | | |
|---|---|---|---|---|---|
| ടൈഡ് | | | | | |
| സി.എഫ്.സി. അൺടൈഡ് | 0 | 2660008 | 2660008 | 2285626 | 374382 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4983197 | | 4843942 | 139255 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15406000 | 15406000 | 14316436 | 1089564 |

* വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (2112000/-രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (788400/-രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിലുമധികം ചെലവു രേഖപ്പെടുത്തിയിരിക്കുന്നു.

**ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട്, വികസന ഫണ്ട് എസ്.സി.പി,സി.എഫ്.സി. ടൈഡ്, അൺടൈഡ് സംരക്ഷണഗ്രാന്റ്,(നോൺറോഡ്) ഫണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പ് തുകകൾ ACR പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 30122 | -2649469 |
| വികസനഫണ്ട് എസ്.സി.പി. | 1026172 | 816344 |
| സി.എഫ്.സി. ( ടൈഡ്&അൺടൈഡ്) | 4546698 | 4551338 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 87691 | 139255 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
വികസന ഫണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

(ബി) സംയുക്ത പ്രോജക്ടുകൾ-ഫണ്ട് വിനിയോഗം-അപാകങ്ങൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിർത്തി പോരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | തൻവർഷ വരവ് | തൻവർഷ ചെലവ് (സുലേഖ) | വർഷാവസാന നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 346659 | 425723 | 860348 | 346659 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2334963 | 598875 | 598875 | 2334963 |

കൂടാതെ, 30.09.2021 ലെ നം. 86/2021/ധന സർക്കുലറിലൂടെ 2021-22 സാമ്പത്തിക വർഷത്തിൽ സംയുക്ത പദ്ധതികളുടെ തുക നിക്ഷേപിക്കുന്നതിനായി ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്നും, 31.03.2022 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഫണ്ട് ലഭ്യമായ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തന്നെ തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഒരു കാരണത്താലും ടി തുക അടുത്ത സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്താവുന്നതല്ലായെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ഏതൊക്കെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നതും വ്യക്തമല്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അടിയന്തിരമായി ബന്ധപ്പെട്ട ഫണ്ടിന്റെ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

((സി) വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക ചെലവഴിക്കാതെ തനതു അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിനു ലഭ്യമായ തുക ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ വിവിധ തനതു അക്കൗണ്ടുകളിലായി നിലനിറുത്തിയിരിക്കുന്നു. വാർഷിക കണക്കുകൾ ബി4 ഷെഡ്യൂളിൽ ഇപ്രകാരം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | നീക്കിയിരുപ്പ് തുക |
|---|---|
| 320100115 Centrally Sponsored Scheme - TSC | 603629 |
| 320100299 Grants Funds- For Specifice Purpose Other Central Govt Grants | 30000 |
| 320200399 Literacyscheme Grant | 26973 |
| 320300103 Other Grants, Funds & Contributions For Specific Purposes Total Sanitation | 400000 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/27.02.2023) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | വിഹിതം ഉൾപ്പെടെ ) | | | | | |
| 162 | 113594634 | 131 | 44003041 | - | 31 | 81 |

(എ) തൻ വർഷം നടപ്പാക്കുന്നതിന് 162 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 131 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 38% തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) 31 പദ്ധതികൾ നടപ്പാക്കാത്തതിൽ 4 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. സ്പിൽ ഓവർ ആയ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല.

## 1-5 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8880500 | 551 |
| വിധവാ പെൻഷൻ | 9655200 | 616 |
| വാർദ്ധക്യകാല പെൻഷൻ | 19270400 | 1339 |
| വികലാംഗ പെൻഷൻ | 5333800 | 342 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 547000 | 33 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2023 തീയതിയിൽ 2.40 P.m. സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53663/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി

(എ) കാഷ് ബുക്ക്, ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20184 | 1118594 | 1138778 | @1136934.50 | 1843.50 (AFS പ്രകാരം 1843/- ആണ്) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | 0 | 50584000 | 50584000 | @@50584000 | 0 |
| ആകെ | 20184 | 51702594 | 51722778 | 51720934.50 | 1843.50 |

.@AFS പ്രകാരം ചെലവ് 11,17,680/- . വ്യത്യാസമുള്ള തുക 19,255.50 രൂപ NREGS അക്കൌണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുകയാണ്. എന്നാൽ പ്രസ്തുത തുകയുടെ വരവ്, ചെലവുകൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

@@ ധനകാര്യപത്രിക പ്രകാരം (I (6) ലെഡ്ജർ പ്രകാരം) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക രേഖപ്പെടുത്തിയിരിക്കുന്നത് 50,671,202/- എന്നാണ്.

. I(6) (51808138/-) , I14(a) (5,17,88,882/-)എന്നിവ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല . വ്യത്യാസം

19,255/- .

(ബി) അവലോകനം

1. രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം | 186 |
| തൊഴിലിനപേക്ഷിച്ച കുടുംബങ്ങളുടെ എണ്ണം | 1823 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1823 |
| ആകെ തൊഴിൽ ദിനങ്ങൾ | 113584 |
| 100തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 409 |

2. ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം - 2506

അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം - 304

തൻവർഷം പൂർത്തിയാക്കിയത് - 270

സ്പിൽ ഓവറായി നടപ്പിലാക്കിയത് - 46

ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം - 34

3) ടെണ്ടർ നടപടികളിലെ അപാകതകൾ

2021-22 വർഷം പൂർത്തിയായ പ്രവൃത്തികളുടെ ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ ഫയലും വർക്ക് ഫയലുകളും അവശ്യരേഖകൾ/രജിസ്റ്ററുകൾ സഹിതം പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. ജി.ഒ (എം.എസ്) 93/2012 തസ്വഭവ 31.3.2012 പ്രകാരം തൊഴിലുറപ്പുപദ്ധതികളിൽ സാധനസാമഗ്രികളുടെ എണ്ണവും/അളവും സബ്കമ്മറ്റി തിട്ടപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ചട്ടങ്ങൾ പാലിച്ച് വാങ്ങേണ്ടതാണ്. കോൺട്രാക്ടറെ നിശ്ചയിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയെങ്കിലും ടെണ്ടർ ഫയലിൽ ലഭ്യമായ ടെണ്ടറുകളുടെ എണ്ണം, സ്വീകാര്യമായ ടെണ്ടറുകളുടെ താരതമ്യപത്രിക എന്നിവ സൂക്ഷിച്ചിട്ടില്ല.
2. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.07.2019 ലെ നം 957/ഇ.ജി.എസ്-സി/16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം സാധനസാമഗ്രികളുടെ വിതരണക്കാരിൽ നിന്നും 2% GST കുറവ് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം അന്തിമ ബിൽ പ്രകാരമുള്ളതുക GST തുക വെണ്ടർ/സപ്ലയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കപ്പെടുന്ന ജി എസ് ടി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ജി.എസ്.ടി വകുപ്പിൽ യഥാസമയം ഒടുക്കാവുന്നതുമാണ്. ചെലവുപത്രിക പ്രകാരം 13 പ്രവൃത്തികളാണ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ (റോഡ് കണക്ടിവിറ്റി) എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം പൂർത്തിയാക്കിയിരിക്കുന്നത്.

എന്നാൽ എല്ലാ കരാറുകാരിൽ നിന്നും ടി.ഡി.എസ് ഇനത്തിൽ തുക കുറവ് ചെയ്തിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയലിന്റെ വില |
|---|---|---|
| വേങ്ങനിന്ന മുതൽ വേങ്ങനിന്ന മൺറോഡ് RC/314259 | രഘു | 300135 |
| കഴിവൂർ ഭഗവതി ക്ഷേത്രം നടപ്പാത കോൺക്രീറ്റ് RC/320316 | | 256902 |
| മേലേവിളാകം നടപ്പാത കോൺക്രീറ്റ് RC/320305 | | 341101 |

| | | |
|---|---|---|
| | | |
| കോവിൽവിളാകം നടപ്പാത കോൺക്രീറ്റ് RC /320337 | ശശി | 343587 |

കോൺട്രാക്ടറിൽ നിന്നും 2% TDS ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3. CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ, ഉപയോഗിക്കുന്ന മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). എന്നാൽ അപ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരമുള്ള കുറവ് വരുത്താതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, സപ്ലൈയറുടെ പേര് | 40mm മെറ്റലിന്റെ അളവ് | നൽകിയ നിരക്ക് | നൽകിയ തുക (എം ബുക്കിലെ രേഖപ്പെടുത്തൽ അനുസരിച്ച്) | വോയ്ഡ്സ് (7.5%)കുറവു ചെയ്ത അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വടക്കേ ദർഭനിന്ന നെടിയകാലമുതൽ ഹരിജൻകോളനി വരെ നടപ്പാത കോൺക്രീറ്റ് നെടിയകാല സുരേന്ദ്രൻ ജി | 14.3$m^3$ | 1490/- | 21307 | 13.2275 | 19709 | 1598/- |
| നെടിയകാല പമ്പ് ഹൌസിൽ നിന്നും വലിയവിള ക്ഷേത്രം വരെ നടപ്പാത കോൺക്രീറ്റ് സുരേന്ദ്രൻ ജി | 14.06$m^3$ | 1490/- | 20949 | 13 | 19370 | 1579 |
| മേലേ വിളാകം കൊറ്റംപഴിഞ്ഞി നടപ്പാത കോൺക്രീറ്റ് രഘു | 33.87$m^3$ | 1490/- | 50468 | 31.33 | 46681 | 3787 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/23.02.2023) മറുപടി ലഭ്യമാക്കിയില്ല.

2021-22 വർഷം മെറ്റീരിയൽ വർക്കുകൾക്കായുള്ള എല്ലാ പ്രവൃത്തികളും പുന പരിശോധിക്കേണ്ടതും മേൽ പരാമർശിച്ചയിനത്തിൽ അധികമായി നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.6.2022 | 1.4/22 മുതൽ 31.5.2022 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2013 മുതൽ 15.5.2013 വരെ | 2008-2009 മുതൽ 2012-13 വരെ |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധിക്കേണ്ടതാണ്.
ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകളിലെ ജോലി വിഭജനത്തിനനുസൃതമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു. റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.ലേലവരുമാന കുറവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. പൊതുടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിങ്ങിലൂടെ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി - അപാകങ്ങൾ

1) അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. ജി.ഒ.(എം.എസ്.)358/15/തസ്വഭവ, തീ.16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 3 | 140 | നാരായണൻ |
| 3 | 228 | രാഘവൻ |
| 3 | 291 | ജയകുമാർ |

| | | |
|---|---|---|
| 13 | 198C | സുലോചന |
| 14 | 319B | ഡി.ജി. സിന്ധു |

മേൽവിഷയം സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 03/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു .

സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 5/558 | Relaince Infocom Limited | 2021 (1st Half) -2022 (2nd Half) | 4548 |
| 7/401 | Sub Division Engineer | 2016 (1st Half) - 2022 (2nd Half) | 60641 |
| ആകെ | | | 65189 |

വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

3) നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല .

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 1-ാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 1 (കഴിവൂർ)

| Missing From | Missing To | Missing Total |
|---|---|---|
| 108 | 108 | 1 |
| 143 | 143 | 1 |
| 297 | 297 | 1 |
| 398 | 398 | 1 |
| 400 | 400 | 1 |
| 415 | 416 | 2 |

| | | |
|---|---|---|
| Total | | 7 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 03/2023 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി -പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205(എ- കെ) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനിയും, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. വകുപ്പ് 205 ബി,സി, ചട്ടം-14 പ്രകാരം സെക്രട്ടറിയ്ക്ക് അത്തരക്കാരിൽ നിന്നും രേഖാമൂലം ഒരു ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. 205 I പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുകൊണ്ടുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ്, കാഞ്ഞിരംകുളം | I & II |
| 2 | വി.ഇ.ഒ. , കാഞ്ഞിരംകുളം | I |
| 3 | സബ് പോസ്റ്റ് ഓഫീസ്, കാഞ്ഞിരംകുളം | I & II |
| 4 | ജവഹർ സെൻട്രൽ സ്കൂൾ , കാഞ്ഞിരംകുളം | I & II |
| 5 | മൗണ്ട് കാർമ്മൽ റെസിഡൻഷ്യൽ സ്കൂൾ , കാഞ്ഞിരംകുളം | I & II |
| 6 | ആർ. എസ്. ബ്രദേഴ്സ് | I & II |

മേൽവിവരിച്ച സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 02/2023 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിവരവും പ്രസ്തുത റേഷൻ കടകളുടെ സ്ഥാപന, തൊഴിൽ നികുതി അടവാക്കുന്നതിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 02/2023-ന് മറുപടി ലഭിച്ചില്ല. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ടിന്റെ വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ഡേഞ്ചേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 വർഷത്തെ ഡേഞ്ചേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ഡേഞ്ചേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | V / 33 | ഷിബിൻ ഹാരി | ഷെറൗൺ സിസ്റ്റംസ് |
| 2 | V / 262 | ഷിബു എം. കെ. | എം.കെ.എസ്. സ്റ്റോഴ്സ് |
| 3 | XI / 419,420 | ബൈജു വി.വി. | ബ്രഡ് ഹൗസ് |
| 4 | Vi / 64 | ഫൈജ കെ.എസ്. | ഗ്രേസ് ബ്യൂട്ടി ക്ലിനിക് |
| 5 | IX / 166,167 | എം. വിക്രമൻ നായർ | ശ്രീനീസ് സ്റ്റോഴ്സ് |
| 6 | IX / 43D | ബാബു | കുഴിവിള ഇലക്ട്രിക്കൽസ് |

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകത സംഭവിക്കുന്നത്. ലൈസൻസ് രജിസ്റ്ററിലെ മുഴുവൻ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സഞ്ചയ പ്രകാരം 1270 കടമുറികൾ പഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ 188 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റിൽ 206 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങൾ | ലൈസൻസ് രജിസ്റ്ററിലുള്ള സ്ഥാപനങ്ങൾ | സഞ്ചയ പ്രകാരം രജിസ്റ്റർ ചെയ്ത കടമുറികൾ |
|---|---|---|---|
| വാർഡ് I | 3 | 2 | 39 |
| വാർഡ് II | 9 | 10 | 79 |
| വാർഡ് III | 2 | 2 | 25 |
| വാർഡ് IV | 4 | 3 | 21 |
| വാർഡ് V | 70 | 61 | 391 |
| വാർഡ് VI | 30 | 27 | 155 |
| വാർഡ് VII | 10 | 8 | 65 |
| വാർഡ് VIII | 10 | 10 | 32 |
| വാർഡ് IX | 14 | 15 | 129 |
| വാർഡ് X | 6 | 5 | 29 |
| വാർഡ് XI | 27 | 24 | 163 |
| വാർഡ് XII | 10 | 11 | 80 |

| | | | |
|---|---|---|---|
| വാർഡ് XIII | | | 10 |
| വാർഡ് XIV | 11 | 10 | 52 |
| ആകെ | 206 | 188 | 1270 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളോടൊപ്പം ഹരിതകർമ്മസേനക്കുള്ള ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേനക്കുള്ള ഫീസ് ഈടാക്കി ഇനി വരുന്ന വർഷങ്ങളിലെങ്കിലും വരുമാനനഷ്ടം ഒഴിവാക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലേലം - വരുമാന ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ലേലഇനങ്ങളുടെ ലേലത്തിൽ പങ്കെടുക്കാൻ ആളില്ലാത്തതിനാൽ ലേലം മാറ്റിവയ്ക്കുകയുണ്ടായി. ഇത്തരത്തിൽ ബാക്കിയായ ലേലഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേലവിവരം | നിരതദ്രവ്യം (രൂപയിൽ) |
|---|---|---|
| 1 | പബ്ലിക് മാർക്കറ്റിൽ സൂക്ഷിച്ചിട്ടുള്ള തടി കഷ്ണം<br>പൂവരശ് (ചീലാന്തി) Size 135 Cm<br>Valuation Amount @ 3981 | 500 |
| 2 | പൂവരശ് Size 135 Cm<br>Valuation Amount @ 3689 | 500 |
| 3 | പൂവരശ് Size 120 Cm<br>Valuation Amount @ 14456 | 500 |
| 4 | പൂവരശ് Size 110 Cm<br>Valuation Amount @ 2425 | 500 |
| 5 | ഷോപ്പിംഗ് കോംപ്ലക്സിലെ 11 -ാം നമ്പർ കടമുറി ലേലം | |
| 6 | ഷോപ്പിംഗ് കോംപ്ലക്സിലെ 13 -ാം നമ്പർ കടമുറി ലേലം | |
| 7 | ഷോപ്പിംഗ് കോംപ്ലക്സിലെ 18 -ാം നമ്പർ കടമുറി ലേലം | |
| 8 | കാഞ്ഞിരംകുളം ആയുർവേദ ഡിസ്പെൻസറിയിലെ 2 മഹാഗണി മരം മുറിച്ചുമാറ്റുന്നതിന് | |

മേൽപ്പറഞ്ഞവയുടെ വരവ് വിവരങ്ങൾ അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 08/2023 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കി തുടർന്നു വരുന്ന വർഷങ്ങളിൽ ഇത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങൾ തടയുന്നതിന് പഞ്ചായത്ത് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-15 എസ്എസ്എ വിഹിതം നൽകൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, 262462/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ഹെഡ്മിസ്ട്രസ്സിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ എസ്എസ്എ വിഹിതം നൽകൽ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0005/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്എസ്എ വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| വിഭവ സ്രോതസ്സ് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം) |
| വൗച്ചർ നമ്പർ | XVFC/2021-22/P/4 Dated 15.03.2022 |
| അടങ്കൽ തുക | 262462/- രൂപ |
| ചെലവ് തുക | 262462/- രൂപ |

മേൽപ്പറഞ്ഞ പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 14/2023 ന് മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആവണമെന്ന് 4.02.2011 ലെ സ.ഉ(എം.എസ്)31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട് . കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട് .
പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ , റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് ( നം 5/ 22.02.2023) മറുപടി ലഭ്യമാക്കിയില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും തുടർനടപടി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികളിലൂടെ ആർജ്ജിച്ചതും ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയതുമായ എല്ലാ സ്ഥാവര ജംഗമ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. എല്ലാ ആസ്തികളും രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ആസ്തിരജിസ്റ്ററിൽ സർക്കാർനിർദ്ദേശപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5/ 22.02.2023) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശമനുസരിച്ച് ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഭവന നവീകരണത്തിനായി മുൻകൂർ തുക ലഭിച്ച ഗുണഭോക്താവ് ഭവനനവീകരണം നടത്തിയില്ല – 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോ. നം. 102/22 ഭവനപുനരുദ്ധാരണം (എസ്.സി.പി)

അടങ്കൽ തുക - 2100000

ചെലവു തുക - 825000

ഫണ്ടിനം - വികസന ഫണ്ട് (എസ്.സി.പി)

ബിൽ നം. - 6/06.02.2022 - 150000/-

7/02.03.2022 - 225000/-

8/26.03.2022- 150000/-

9/30.03.2022- 225000/-

11/30.03.2022- 75000/-

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഭവനനവീകരണത്തിനായി കരാറിലേർപ്പെടുന്ന ഗുണഭോക്താവിനു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ75,000/- രൂപ മുൻകൂർ അനുവദിക്കുകയും, തുടർന്ന് ഭവന നവീകരണം പൂർത്തിയാക്കി വാല്യുവേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് 75,000/- രൂപയും കൂടി അനുവദിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഭവന നവീകരണത്തിനായി നിർവഹണാധികാരിയുമായി കരാറിലേർപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താവ് മുൻകൂർ തുക കൈപ്പറ്റിയശേഷം ഭവന നവീകരണം നടത്തിയില്ല.

| ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | അനുവദിച്ച തുക, ബിൽ നം/തീയതി |
|---|---|---|
| മായ വി.ജി., പ്ലാവിള, കഴിവൂർ പി.ഒ. | 19.02.2022 | 75,000/-<br>7/02.03.2022 |

ഗുണഭോക്താവ് ഭവന നവീകരണം നടത്താത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/27.02.2023) ആവർത്തിച്ച ആവശ്യപ്പെട്ടിട്ടും ടിയാൾ ഭവനനവീകരണം നടത്താത്തതായും, തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണസമിതിയെ രേഖാമൂലം അറിയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കി. ഭവനനവീകരണം നടത്തുന്നതിലേക്കായി സന്നദ്ധയായി വ്യവസ്ഥകൾ സമ്മതിച്ച് കരാറിലേർപ്പെട്ട് മുൻകൂർ കൈപ്പറ്റിയ ശേഷം പ്രവൃത്തികൾ നിർവഹിച്ച് ഭവനം വാസയോഗ്യമാക്കാത്ത ഗുണഭോക്താവിൽ നിന്നും മുൻകൂർ ആയി കൈപ്പറ്റിയ തുക, പിഴ സഹിതം ഈടാക്കി, ട്രഷറിയിൽ ഒടുക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. ഭവനനവീകരണം നടത്താത്തതിനാൽ പദ്ധതി പ്രകാരം അനുവദിച്ച 75,000/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-20 ആർജ്ജിതാവധി പണമായി നൽകി - തുക തിരികെ ഈടാക്കേണ്ടതാണ്.

GO(P) No. 104/2021/fin Dt.26.07.2021 പ്രകാരം 01.06.21 മുതൽ 6 മാസത്തേയ്ക്ക് കൂടി ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കുന്ന ആനുകൂല്യം മരവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിലും പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട്, ശ്രീ. മനോജ്.എസ് - ന് ആർജ്ജിതാവധി പണമാക്കി മാറ്റുന്ന ആനുകൂല്യം നൽകി വൗച്ചർ നമ്പർ- 22100452 ചെക്ക് നമ്പർ - 238597 തീ. 10.09.21 പ്രകാരം 70707/- രൂപ അനുവദിച്ചിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.16/21-22 തീ. 24.02.23) മറുപടി ലഭ്യമാക്കിയില്ല. അർഹതയില്ലാത്ത ആനുകൂല്യമായതിനാൽ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ നൽകിയ തുക ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - വിനിയോഗരേഖകൾ ഹാജരാക്കിയില്ല.10000/- രൂപ തടസ്സപ്പെടുത്തുന്നു.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം – 2022ന്റെ വിവിധ ചെലവുകൾക്കായി സ.ഉ.(സാധാ)നം.80/2022 /തസ്വഭവ തീ.11.01.2022 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പരമാവധി 10000/- രൂപ തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് നൽകുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം വൗച്ചർ നമ്പർ - 22100995

ചെക്ക് നമ്പർ 273997 തീയതി. 11.03.2022 പ്രകാരം മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി) 10000/- രൂപ നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർ ചെലവുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ധനവിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/2023 തീ. 24.02.23) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി 10000/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നില്ല.

| | |
|---|---|
| പദ്ധതി നമ്പർ | എസ് 0176/22 |
| പദ്ധതിയുടെ പേര് | കോവിഡ് പ്രതിരോധത്തിന് മരുന്നും മറ്റുപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക | 350000/- |
| ചെലവായ തുക | 349999/ |

മേൽ പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ-19/21-22 തീയതിയ.16/03/22 പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് 48543/- രൂപയുടെ മരുന്ന് വാങ്ങാനായി ചെലവാക്കിയിട്ടുണ്ട്. ഇതിൽ ഇൻവോയിസ് നമ്പർ 4372 തീയതി 15.06.22 പ്രകാരം 16020/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ശേഷിച്ച മരുന്നുകൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23 തീ.25.02.2023) മറുപടി ലഭ്യമാക്കിയില്ല. ശേഷിച്ച മരുന്ന് ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0009/22 |
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക | 1000000/- |
| ചെലവായ തുക | 957530/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 21/21-22 തീയതി 24.03.22 പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് 500000/- രൂപയുടെ മരുന്ന് വാങ്ങാനായി ചെലവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 494266/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി 5734/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23 തീ.25.02.23) ന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് പൂർണ്ണമായി ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 എം.ആർ.എഫ്. കേന്ദ്രം പ്രവർത്തിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ എം.ആർ.എഫ്. കേന്ദ്രത്തിൽ നിന്നും ക്ലീൻ കേരള മിഷന് ഏറ്റവും ഒടുവിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കൈമാറിയിട്ടുള്ളത് 26.09.2022 നാണ്. പ്രസ്തുത തീയതിക്കു ശേഷം ടി കേന്ദ്രം പ്രവർത്തിച്ചിട്ടില്ല. ഷ്രെഡിംഗ് മെഷിന്റെ ബ്ലേഡ് തകരാറായതായും, ആയത് സി.കെ.സി. മുഖാന്തിരം പരിഹരിച്ച് ഉടൻതന്നെ എം.ആർ.എഫ്. കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതായും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം. 22/27.02.2023) വി.ഇ.ഒ. മറുപടി നൽകി.

എം.ആർ.എഫ് കേന്ദ്രത്തിൽ അതതു ദിവസം ഷ്രെഡ് ചെയ്ത് ലഭിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ഒരു ദിവസത്തെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. എം.ആർ.എഫ്. കേന്ദ്രത്തിൽ നിന്നും ആകെ 5266.84 കിലോ ഷ്രെഡഡ് പ്ലാസ്റ്റിക് വില്പന നടത്തിയിട്ടുള്ളതായും, 15988.1 കിലോ സെഗ്രിഗേറ്റഡ് പ്ലാസ്റ്റിക് സി.കെ.സി. ക്ക് കൈമാറിയിട്ടുള്ളതായും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ യൂസർ ഫീ നിക്ഷേപിക്കുന്ന ബാങ്ക് അക്കൌണ്ടിലെ (നം. 134435707 ഫെഡറൽ ബാങ്ക്) 31.03.2022 ലെ നീക്കിയിരിപ്പ് 2,46,131/- രൂപയാണ്. ഹരിതകർമ്മസേന വരവ്, ചെലവു രേഖകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും, ആയത് സമഗ്രവും ആധികാരികവുമല്ല. വരവ്, ചെലവു രജിസ്റ്ററുകൾ, ക്യാഷ് ബുക്കുകൾ എന്നിവ പരിപാലിക്കേണ്ടതും, ആയത് ചുമതലയുള്ള ഉദ്യോഗസ്ഥൻ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. എം.ആർ.എഫ്. കേന്ദ്രം പ്രവർത്തനസജ്ജമാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-24 ബഡ്സ് സ്കൂൾ ജീവനക്കാരെ നിയമിക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുമുള്ള മാനദണ്ഡം വ്യക്തമല്ല

പ്രോ. നം. 10/22 ബഡ്സ് പുനരധിവാസ കേന്ദ്രം

അടങ്കൽ തുക - 625000

ചെലവു തുക - 493301

ഫണ്ടിനം - വികസന ഫണ്ട്

നിർവഹണാധികാരി - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ ജീവനക്കാർക്ക് 2021 ജനുവരി മുതലുള്ള ഓണറേറിയം/വേതനം എന്നിവയും വിദ്യാർത്ഥികൾക്ക് ഭക്ഷ്യസാധനങ്ങൾ ഭവനങ്ങളിൽ എത്തിക്കുകയും, പഠനത്തിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രകാരം ജീവനക്കാർക്ക് ഓണറേറിയം/വേതനം അനുവദിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ തസ്തിക | എണ്ണം | ഓണറേറിയം /വേതനം |
|---|---|---|
| കവിത എം.എൻ, ടീച്ചർ | 1 | 15000/- രൂപ പ്രതിമാസം |
| ഉഷ പി., ഹെൽപ്പർ | 1 | 7500/- രൂപ പ്രതിമാസം |
| ഷൈനി റ്റി.എം., ക്ലീനിംഗ് സ്റ്റാഫ് | 1 | 300/- രൂപ നിരക്കിൽ ദിവസവേതനം |
| റീന ജി, കുക്ക് | 1 | 300/- രൂപ നിരക്കിൽ ദിവസവേതനം |

മേൽ ജീവനക്കാരെ കാലാകാലങ്ങളിലെ ഭരണസമിതി തീരുമാനത്തിലൂടെ നിയമിച്ചിട്ടുള്ളതും, ടീച്ചർ, ഹെൽപ്പർ എന്നിവരെ കരാറടിസ്ഥാനത്തിലും, ക്ലീനിംഗ് സ്റ്റാഫ്, കുക്ക് എന്നിവരെ ദിവസവേതനാടിസ്ഥാനത്തിലുമാണ് നിയോഗിച്ചിട്ടുള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ജീവനക്കാർ നിശ്ചിത കാലയളവിലേക്ക് വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ചമച്ചിട്ടില്ല.

സ.ഉ.(എം.എസ്.)20/2018/തസ്വഭവ തീയതി 07.02.2018 പ്രകാരം ബി.ആർ.സി.കളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:8 നിരക്കിലും, ആയ വിദ്യാർത്ഥി അനുപാതം 1:15 എന്ന നിലയിൽ ക്രമീകരിക്കേണ്ടതുണ്ട്, കൂടാതെ ബഡ്സ് സ്കൂളിനു നിശ്ചിത യോഗ്യതയുള്ള 2 അധ്യാപകരെങ്കിലും ഉണ്ടായിരിക്കേണ്ടതുമുണ്ട്. തീവ്രപരിചരണം ആവശ്യമുള്ള 4 കുട്ടികളും, 70% ലുമധികം മാനസിക വെല്ലുവിളി നേരിടുന്ന 23 കുട്ടികളും ബി.ആർ.സി.യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരാശരി 30 വിദ്യാർത്ഥികൾ ദിവസേന ഈ സ്ഥാപനത്തിൽ വന്നു പോകുന്നുണ്ട് എന്നിരിക്കേ 30 വിദ്യാർത്ഥികൾ ഉള്ള സ്ഥാപനത്തിൽ ഒരു അധ്യാപികയെ മാത്രം ഉപയോഗിച്ച് കാര്യക്ഷമമായ സേവനങ്ങൾ നൽകുവാൻ സാധിക്കുന്നുണ്ടോ എന്നതു വ്യക്തമല്ല.

കൂടാതെ, മേൽ ഉത്തരവുകൾ, അനുബന്ധ ഉത്തരവുകൾ എന്നിവയിലൂടെ ജീവനക്കാരുടെ യോഗ്യതയ്ക്ക് അനുസൃതമായ ഓണറേറിയം അനുവദിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം/മാനദണ്ഡപ്രകാരമുള്ള ഓണറേറിയം ജീവനക്കാർക്ക് അനുവദിക്കുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/22.02.2023) ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ബി.ആർ.സി. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

2013 ൽ ആരംഭിച്ച ബി.ആർ.സി ക്ക് നാളിതുവരെ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല. സ്ഥാപനം ആരംഭിച്ച 6 മാസത്തിനകം രജിസ്ട്രേഷൻ ലഭ്യമാക്കുകയോ, രജിസ്ട്രേഷൻ ലഭ്യമാകാത്ത പക്ഷം സാമൂഹ്യ നീതി വകുപ്പിൽ നിന്നും താത്കാലിക രജിസ്ട്രേഷൻ സ്വീകരിക്കേണ്ടതോ ആണെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ബി.ആർ.സി. ക്ക് യാതൊരു രജിസ്ട്രേഷനും ലഭിച്ചിട്ടുള്ളതല്ല.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ജീവനക്കാരുടെ നിയമനത്തിന് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് പൂർണമായും ലഭ്യമായില്ല.

പ്രോജക്ടിന്റെ നമ്പർ - SO123/22

പ്രോജക്ട് പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ

അടങ്കൽ തുക - 250000/-

ചെലവ് തുക - 250000/- (Bill No.2/21-22 Dtd 19.1.22 Amt-150000/-,Bill No.3/21-22 Dtd 21.3.22 Amt-100000)

2021-22സാമ്പത്തിക വർഷം 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി' പ്രകാരം 250000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 182862/- രൂപയ്ക്ക് മാത്രമാണ് നാളിതുവരെ മരുന്ന് ലഭ്യമായത്.ശേഷിക്കുന്ന തുകയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ/ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നല്കുന്നതിന് നല്കിയ എൻക്വയറി നമ്പർ 20 ന് മറുപടിയായി 'മരുന്ന് ലഭ്യമാക്കിയ വേളയിൽ Indent പ്രകാരമുള്ള ചില മരുന്നുകളുടെ താല്ക്കാലികShortageഉള്ളതായും ആവശ്യമെങ്കിൽ ലഭ്യമായ മരുന്നുകൾ Re-indent ചെയ്താൽ ഉടൻ നല്കാമെന്ന് ഹോംകോയിൽ നിന്ന് ടെലിഫോൺ മുഖേന അറിയിച്ചതായും ആദ്യ Indent പ്രകാരം തന്നെ മരുന്നുകൾ നല്കിയാൽ മതി എന്ന് മറുപടി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം കാലതാമസം ഉണ്ടായതെന്നും ശേഷിച്ച തുകയ്ക്കുള്ള മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുള്ളതായി സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത മരുന്നുകൾ ലഭ്യമാക്കുമ്പോൾ സ്റ്റോക്കിലെടുത്ത് Stock Register ൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-263233/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ടിന്റെ പേര്/നമ്പർ | ബിൽ നമ്പർ,തുക | തുക നല്കിയത് |
|---|---|---|
| IKM ന വിഹിതംനല്കൽ' (S0002/22) | ബിൽ നമ്പർ 49/22 ,തീ- 26.11.22 തുക-43949/- | ഡയക്ടർ, ഇൻഫർമേഷൻ കേരള മിഷൻ |
| | ബിൽ നമ്പർ 61/22 ,തീ- 3.3.22 തുക-9984/- | |
| നെടിയ വിരാലി വലിയവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0209/22) | ബിൽ നമ്പർ 293/22 ,തീ- 25.3.22 തുക-209300/- | കേരള വാട്ടർ അതോറിറ്റി, നെയ്യാറ്റിൻകര |
| ആകെ | 263233/-രൂപ | |

മേൽ പദ്ധതികൾക്കായി ചെലവഴിച്ച 263233/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.15) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 263233/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല

2021-22 വർഷത്തിൽ,സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പ്രോജക്ട്

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നം | S0004/22 |
|---|---|---|
| 1 | പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് അടക്കൽ |
| | അടങ്കൽ തുക | 100000 |
| | ചെലവ് തുക | 975710 |
| | ഫണ്ടിനം | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| 2 | പ്രോജക്ട് നം | S0008/22 |
| | പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| | അടങ്കൽ തുക | 125000 |
| | ചെലവ് തുക | 106475 |
| | ഫണ്ടിനം | തനത് ഫണ്ട് |
| 3 | പ്രോജക്ട് നം | S0213/22 |
| | പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം |
| | അടങ്കൽ തുക | 370698 |
| | ചെലവ് തുക | 260000 |
| | ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |

കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരമാണ് പ്രതിമാസം ഇലക്ട്രിസിറ്റി ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. 05.09.11 ലെ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 3055/ഡി.എ 3/2011/തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണ്ടതുണ്ട്. കൂടാതെ വാർഡ് തിരിച്ച്, ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും, സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവും രേഖപ്പെടുത്തിയ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ നാളിതുവരെയും സൂക്ഷിച്ചിട്ടില്ല എന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടു. മേൽ രജിസ്റ്ററുകളുടെ അഭാവത്തിലും തെരുവ് വിളക്കുകളുടെ എണ്ണം കാലികമാക്കാതെയും മേൽ പരാമർശിച്ച പ്രോജക്ട് കൾക്കായി തുക അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 10 തീയതി 23.02.2022) മറുപടി ലഭ്യമായിട്ടില്ല.

<u>ആസ്തി രജിസ്റ്റർ</u>: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരം രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

<u>പരാതി രജിസ്റ്റർ</u>: തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

<u>നോഡൽ ഓഫീസർ</u>: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-28 ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ -അപാകങ്ങൾ സംബന്ധിച്ച്

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ |
|---|---|
| 1 | പ്രൊജക്ട് നം. : S0003/22<br>അടങ്കൽ തുക : 396936/-രൂപ<br>ചെലവു തുക : 396936/-രൂപ |

| | |
|---|---|
| | നിർവ്വഹണം : സെക്രട്ടറി<br>ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ്(Non Road) |
| 2 | പ്രൊജക്റ്റ് നം. : S0182/22<br>അടങ്കൽ തുക : 11,75,000/-രൂപ<br>ചെലവു തുക : 396936/-രൂപ<br>ഫണ്ടിനം:ധനകാര്യ കമ്മീഷൻ അവാർഡ് |

മേൽ പ്രോജക്ടുകൾക്കായി കുടിവെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് 2021-22 വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയാണ് ഒടുക്കിവരുന്നത്. ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 144 വാട്ടർ ടാപ്പുകളാണുള്ളത്. വെള്ളക്കരമിനത്തിൽ വൻതുക വർഷം തോറും ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണോ വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് തുക ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണവും, അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും കാണിക്കുന്ന വാട്ടർ ടാപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സംവിധാനമില്ല. ആയതിനാൽ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്.

മേൽ പദ്ധതികൾക്കായി വെള്ളക്കരം ഇനത്തിൽ സംയുക്ത പരിശോധന / രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ തുക അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9) മറുപടി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നതിന് ജല അതോറിറ്റിയുടെ സേവനം ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും തുടർനടപടികൾ കൈക്കൊള്ളേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി (SO182/22) പ്രകാരം വെള്ളക്കരം ഒടുക്കുന്നതിന് 396,936/- രൂപ CFC (Tied Grant)നിന്നും വാട്ടർ അതേറിറ്റിക്ക് കൈമാറിയിട്ടുണ്ട്.സ.ഉ(കൈ) നം.103/20 /തസ്വഭവ തീ.3.6.2020, പ്രകാരം വെള്ളക്കരം ഒടുക്കുന്നതിന് CFC (Tied Grant) ഉപയോഗിക്കാവുന്നതല്ല. പ്രസ്തുത പ്രോജക്ടിനായി CFC (Tied Grant) വിനിയോഗിച്ചതിന് വിശദീകരണം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 20 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ച് ഫണ്ടുകളുടെ വിനിയോഗം നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-കൃത്യമായ മോണിറ്ററിംഗ് ആവശ്യം

പ്രോജക്ടിന്റെ പേര്-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

പ്രോജക്ട്നമ്പർ : SO215/22

അടങ്കൽ തുക :204900/-രൂപ വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് :204900/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ മോണിറ്ററിങ്ങ് ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഹരിതകേരള മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള പദ്ധതി തദ്ദേശ ഭരണ സ്ഥാപനതല അഡ്മിനോ IKM ഉദ്യോഗസ്ഥരോ പ്രാദേശിക തലത്തിൽ ഉപയോക്താക്കളെ പരിശീലിപ്പിക്കും. പ്രൊജക്ട് രൂപീകൃതമായതിനുശേഷം കരാർ പ്രകാരം കെൽട്രോണിന്റെ ട്രെയിനർ പഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങൾ, TA ഉദ്യോഗസ്ഥർ എന്നിവർക്കായി പഞ്ചായത്തിൽ എത്തി പരിശീലനം നൽകും. ഏതു തീയ്യതി മുതലാണോ പരിശീലനം ആരംഭിച്ചത് അന്ന് മുതൽ 6മാസം വരെ ആണ് പരിശീലനം നൽകുക. പരിശീലന കാലയളവിൽ പഞ്ചായത്തിലെ മുഴവൻ വീടുകളിലും എത്തിച്ചേർന്നു സർവ്വേ നടത്തുകയും, QR Code സ്ഥാപിയ്ക്കുകയും, ഉപഭോക്താവിനെ സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിയ്ക്കുകയും തുടർന്ന് ഗ്രീൻ ടെക്നീഷ്യൻമാർ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തി പാഴ് വസ്തു ശേഖരണവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുകയും, ശേഖരിച്ചവ MCF,

RRFകളിൽ എത്തിക്കുകയും ചെയ്തതിനുശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാനും കൃത്യമായി ആശയവിനിമയം നടത്തി മാറ്റങ്ങൾ വരുത്താനുമുള്ള സഹായങ്ങൾ ഹരിതകർമ്മ സേനാംഗങ്ങൾ, മാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കൾ തുടങ്ങിയവർക്ക് നൽകുകയുമാണ് ചെയ്യുന്നത്. പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ ക്ലാസ്സുകളും മറ്റും 6 മാസ കാലയളവിനുള്ളിൽ നൽകണം. ഇതിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കരാർ വെച്ച് നാളിതുവരെയുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറി 6/23 ന് നൽകിയ മറുപടിയിൽ 14 വാർഡുകളിലായി 5094 ഭവനങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ആകെ പരിശീലനം നേടിയ 30 ഹരിതസേനാംഗങ്ങളുടെ സാന്നിധ്യത്തിൽ 22/08/22 ൽ ഡാറ്റാ കളക്ഷൻ ആരംഭിക്കുകയും 504 വീടുകളിൽ QR Code വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ MCF-1 ഉം Mini MCF-14 ഉം ആണ്. എല്ലാ വാർഡുകളിലും QR Code പതിപ്പിച്ചിട്ടുണ്ട്. നിലവിൽ സേവനം ഹരിത കർമ്മ സേന വഴി നടത്തിവരുന്നു. ഹരിത കർമ്മ സേനാംഗങ്ങളുടെ തുടർ പ്രവർത്തനം നിരീക്ഷിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തി പദ്ധതി വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ലക്ഷം വീട് പുനരുദ്ധാരണം(ന്യൂലൈഫ്) | 50000 |
| | സ്നേഹസ്പർശം ഭിന്നശേഷി സ്കോളർഷിപ്പ് | 448875 |
| | ക്ഷീര സമൃദ്ധി പാലിന് ഇൻസെന്റീവ് നല്കൽ | 100000 |
| ആകെ | | 598875 |
| ജില്ലാ പഞ്ചായത്ത് | ലക്ഷം വീട് പുനരുദ്ധാരണം(ന്യൂലൈഫ്) | 200000 |
| | സ്നേഹസ്പർശം ഭിന്നശേഷി | 434625 |

| | | |
|---|---|---|
| | സ്കോളർഷിപ്പ് | |
| | ക്ഷീര സമൃദ്ധി-പാലിന് ഇൻസെന്റീവ് നല്കൽ | 225723 |
| ആകെ | | 860348 |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | RP7/31 പ്രകാരമുള്ള വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2334963 | 598875 | 2933838 | 598875 | 2334963 |
| *ജില്ലാ പഞ്ചായത്ത് വിഹിതം | 346659 | 425723 | 772382 | 860348 | 346659 |

*ചെലവ് ധനകാര്യപത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം 860348/- രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ

2021-22 വർഷത്തെ വിവരങ്ങൾ (സുലേഖ പ്രകാരം)

| ഏജൻസിയുടെ പേര് | പ്രോജക്ടിന്റെ പേര്, നം | നല്കിയ തുക |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | നെടിവിരാലി വലിയവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 209300 |

ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക ധനകാര്യപത്രിക പ്രകാരം 210000/- ആണ്. എന്നാൽ സുലേഖ പത്രിക പ്രകാരം ആയത് 209300/- (പ്രോജക്ട് നം So 209/22)

ധനകാര്യപത്രിക പ്രകാരമുള്ള വിവരം

| ഏജൻസിയുടെ പേര് | മുന്നിരിപ്പ് | ഏജൻസിയ്ക്ക് നൽകിയ തുക | തിരികെ ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 1986815 | 0 | 0 | 1986815 |
| കേരള വാട്ടർ അതോറിറ്റി | 1714582 | 209300 | 0 | 1924582 |
| പി ഡബ്ള്യു.ഡി | 550000 | 0 | 0 | 550000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | കെ യു ആർ ഡി എഫ് സി | 23850747 | 0 | 2112000 | 21738747 |

B16 (21338747), B5(21738747) ലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.24 ന് മറുപടി ലഭ്യമാക്കിയില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

എ.എഫ് എസ് പ്രകാരം Audit Recovery ഇനത്തിൽ 26325/-രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ (ഓഡിറ്റ് റിപ്പോർട്ട് വർഷം,ഖണ്ഡിക,റസീപ്റ്റ് നമ്പർ)പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.17 ന് മറുപടി ലഭ്യമാക്കിയില്ല.

## 4-7 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3919745 |
| ഓഡിറ്റ് വർഷത്തെ വരവ് | 63051723 |
| ആകെ | 66971468 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59470994 |
| നീക്കിയിരിപ്പ് | 7500474 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70707/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2972495 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥന്‍ |
|---|---|---|
| 1-20 | 70707 | ശ്രീ.ഹരിൻബോസ്,സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2624262 | ശ്രീമതി ലത.എസ്,ഹെഡ്മിസ്ട്രസ് |
| 1-19 | 75000 | ശ്രീമതി അനശ്രീ, വില്ലേജ് എക്സ്റ്റൻഷൻ |

| | | |
|---|---|---|
| | | ഓഫീസർ |
| 1-21 | 10,000 | ഡോ.ആശരാജൻ, മെഡി.ഓഫീസർ പി.എച്ച്.സി |
| 1-26 | 263233 | ശ്രീ.രമേഷ്.ജി,സെക്രട്ടറി |
| ആകെ -2972495 | | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ലത.എസ് | ഹെഡ്മിസ്ട്രസ്സ് | പെനിയേൽ, മനവേലി, തിരുപുറം |
| 2 | ഡോ.ആശാരാജൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി, കൈവൻവിള,കാഞ്ഞിരംകുളം | പടവ ഗാർഡൻ,ഉച്ചക്കട, കട്ടച്ചൽകുഴി പി.ഒ |
| 3 | ശ്രീ.രമേഷ്.ജി | സെക്രട്ടറി,കാഞ്ഞിരംകുളം, ഗ്രാമപഞ്ചായത്ത്. | മേൽവിലാസം ലഭ്യമാക്കിയില്ല. |
| 4 | ശ്രീമതി അനശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഈസ്റ്റ് സർക്കിൾ, കാഞ്ഞിരംകുളം) | അനശ്രീ ഭവൻ, കൈമനം, പാപ്പനംകോട്.പി.ഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 4 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2591/2018, തീയതി.16.02.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/39/2020 തീയതി.02.06.2020 | 44 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1521 (എ)/2021 തീയതി.01.02.2022 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1521/2021 തീയതി.08.02.2022 | 30 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

ബി.റ്റി.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്